എന്നിത്യാദി ഘടകങ്ങളുടെ അനുവദനീയ പരിധി നിശ്ചയിച്ചിട്ടാണ്. ഈ അനുവദനീയ പരിധി, മായം ചേർക്കൽ നിരോധിത നിയമവും അളവ് തൂക്ക നിയമം ആന്റ് പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ എന്നിവയുടെ കാലാകാലങ്ങളിലുള്ള ഭേദഗതിയും അനുസരിച്ചാണ് നിശ്ചയിക്കുക.

കുന്നമംഗലം മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽസപ്ലൈസിന്റെ പ്രവർത്തനം

105(1382) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നമംഗലം നിയോജക മണ്ഡലത്തിൽ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നമംഗലം നിയോജക മണ്ഡലത്തിലെ 12000-ത്തിലധികം റേഷൻ കാർഡുടമകൾക്ക് 2 രൂപ നിരക്കിലുള്ള റേഷൻ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്. കേന്ദ്ര ഉപഭോക്തൃകാര്യ വകുപ്പിന്റെ സഹായത്തോടെ കുന്നമംഗലം പഞ്ചായത്തിലെ കാരന്തൂരിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പറമ്പിൽ ബസാറിൽ പുതിയ മാവേലി സ്റ്റോറും കുന്നമംഗലത്ത് മെഡിക്കൽ സ്റ്റോറും ആരംഭിച്ചു. കൂടാതെ മാവൂരിലെ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റാക്കി മാറ്റുകയും ചെയ്തു.

(ബി) ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ കെട്ടിടനിർമ്മാണത്തിനായി 30 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. റേഷൻ വിതരണത്തിനായി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുകയും മാവേലി സ്റ്റോറും മാവേലി മെഡിക്കൽ സ്റ്റോറും തുടങ്ങുന്നതിന് ചെലവഴിച്ച തുകയും പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

കെ.എസ്.സി.എസ്.സി.-യിലെ നിയമനം

106(1383) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെഎസ്സിഎസ്സി (കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ) എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ്;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു; ഇതിൽ സ്ഥിരം ജീവനക്കാരെത്ര; താൽക്കാലിക ജീവനക്കാരെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചട്ടപ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ പിരിച്ചുവിട്ടു; എത്രപേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി-യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.-യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1974-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) 1-6-2005-ൽ ഈ സ്ഥാപനത്തിൽ 3391 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു. താൽക്കാലിക ജീവനക്കാർ ഇല്ല.

(സി) അസിസ്റ്റന്റ് സെയിൽസ്മാൻ മുതൽ ജൂനിയ മാനേജർ വരെയുള്ള തസ്തികകളിലെ നിയമനം പി.എസ്.സി. വഴിയും അസിസ്റ്റന്റ് മാനേജർ തസ്തികകളിലെ നിയമനം നേരിട്ടും നടത്തുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും 945 പേരെ പുതുതായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) അസിസ്റ്റന്റ് സെയിൽസ്മാൻ മുതൽ ജൂനിയ മാനേജർ വരെയുള്ള തസ്തികകളിലെ നിയമനം പി.എസ്.സി. മുഖേന നടത്തി സ്ഥിരപ്പെടുത്തുന്നു.

(എഫ്) എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന താത്ക്കാലിക നിയമനം ലഭിച്ചിരുന്ന 4 വികലാംഗർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 3-11-2007-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 85/2007/SWD പ്രകാരം നിയമനം നൽകിയിട്ടുണ്ട്.

(ജി)31-12-2010-ൽ ഈ സ്ഥാപനത്തിൽ 2721 ജീവനക്കാർ സേവനം അനുഷ്ടിക്കുന്നുണ്ട്.

ഇടമൺ മാവേലി സ്റ്റോർ ലാഭം സ്റ്റോറാക്കുന്നതിന് നടപടി

107(1364) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം താലൂക്കിലെ ഇടമൺ മാവേലി സ്റ്റോർ, ലാഭം സ്റ്റോറാക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly